# പ്രാർത്ഥന

## നഷ്ടപ്പെട്ടുന്ന നമ്മൾ

ഏതാണ്ട് പത്തു വർഷങ്ങൾക്കു മുമ്പ് വയനാട്ടിലെ ഹരിതസാന്ദ്രമായ ഒരു വനത്തിലൂടെ മണിക്കൂറുകളോളം സഞ്ചരിച്ചതോർക്കുന്നു. പച്ചമേലാപ്പുകൾക്കിടയിലൂടെ കിളികളുടെ പാട്ട് കേട്ട് ജൈവവൈവിധ്യങ്ങളുടെ വർണ്ണമേളനം കണ്ടുനടക്കുമ്പോൾ, കുളിർക്കാറ്റും ഉറവയിലെ തെളിനീരും കാട്ടിൽ സമൃദ്ധമായുണ്ടായിരുന്ന നെല്ലിക്കയുമായിരുന്നു യാത്രയ്ക്ക് ഏറെ ചാരുതയേകിയിരുന്നത്. പഴയ ഓർമ്മകൾ സൂക്ഷിച്ചുകൊണ്ട് കഴിഞ്ഞവർഷം വീണ്ടും അതുവഴി യാത്രചെയ്യുപ്പോൾ....... പച്ച മേലാപ്പുകൾക്ക് തുടർച്ച നഷ്ടപ്പെട്ടിരിക്കുന്നു!, ഉറവകൾ ശോഷിച്ചിരിക്കുന്നു!, ചില്ലകൾ നഷ്ടപ്പെട്ട് തായ്ത്തടികൾ മാത്രമായ നെല്ലിമരങ്ങൾ! (മരത്തിൽ കയറിപ്പറിക്കാൻ അദ്ധ്വാനവും സമയവും ഏറെ വേണമെന്നതിനാൽ ശാഖകൾ വെട്ടിയിട്ട് നെല്ലിക്ക ചന്തയിലെത്തിച്ചതിനാലാണിങ്ങനെയെന്ന് കൂടെ വന്നയാൾ!)

ഈ താരതമ്യം മാത്രം മതി മനുഷ്യരും മറ്റു ജീവികളും ഇതര ജീവജാലങ്ങളോട് എങ്ങനെ പെരുമാറുന്നുവെന്നറിയാൻ. മറ്റു ജീവികൾ പ്രകൃതിയുടെ ഭാഗമായി, പ്രകൃതി നിയമങ്ങളനുസരിച്ച് ജീവിക്കുമ്പോൾ, മനുഷ്യൻ തന്റെ ആർത്തിയും അഹങ്കാരവും കച്ചവട മനസ്ഥിതിയും കൊണ്ട് പ്രകൃതിയെ എല്ലാ വിധത്തിലും ദ്രോഹിച്ചുകൊണ്ട് ജീവിക്കുന്നു......... നമ്മുടെ പ്രാർത്ഥന നഷ്ടപ്പെട്ടു പോയിരിക്കുന്നു..... ജീവനോടുള്ള ബഹുമാനം, ഒരു ജീവജാതിയെന്ന നിലയിൽ നമ്മുടെ കർത്തവ്യം, എല്ലാമെല്ലാം.....

ഇരയ്ക്കും, ഇണയ്ക്കും, ഇടത്തിനുമല്ലാതെ മറ്റു ജീവികൾ ഒന്നിനെയും ഉപദ്രവിക്കാറില്ല; എന്നാൽ മനുഷ്യനോ?. ഇതിനുള്ള മറുപടി ചരിത്രരേഖകളും വർത്തമാന സംഭവങ്ങളും നമുക്ക് തരുമല്ലോ. ഈ ഭൂമിയിൽ അതിജീവനത്തിന് തീരെ അർഹതയില്ലാത്ത ഏകജീവവർഗ്ഗം മനുഷ്യനാണെന്ന് നമ്മെ ബോധ്യപ്പെടുത്തുന്ന വിധത്തിലുള്ളതാണല്ലോ ഓരോ ദിവസവും മാധ്യമങ്ങളിലൂടെയും മറ്റും നാമറിയുന്ന വാർത്തകളുടെ ഉള്ളടക്കം. ഭൂമിയിലെ ഏറ്റവും ക്രൂരതയുള്ള ജീവിവർഗ്ഗം മനുഷ്യരാണെന്നതിന് എത്രയോ തെളിവുകൾ നിരത്താം. യാഥാർത്ഥ്യം ഇതായിരിക്കെ, എല്ലായിടത്തും കേൾക്കുന്നത് മഹത്തായ മനുഷ്യരെപ്പറ്റിയുള്ള അപദാനങ്ങൾ! പത്രമാധ്യമങ്ങളിൽ, പ്രഭാഷണങ്ങളിൽ, കവിതയിൽ, കഥയിൽ....... മനുഷ്യൻ എന്ന സംസ്കാരസമ്പന്നന്റെ മഹത്വങ്ങൾ!

കഴിഞ്ഞ മൂവായിരം വർഷത്തെ ചരിത്രമെടുത്താൽ അയ്യായിരത്തിലേറെ യുദ്ധം നടന്നിരിക്കുന്നുവെന്ന് കാണാം (ഹാ! മനുഷ്യൻ എത്ര മഹത്തായ പദം!). 5 ലക്ഷം ശാസ്ത്രജ്ഞന്മാർ യുദ്ധോപകരണങ്ങൾ നിർമ്മിക്കാൻ മാത്രമായി പണിയെടുക്കുന്നുണ്ടത്രേ!. 60 ലക്ഷം മനുഷ്യരെ കൊന്ന ഹിറ്റ്ലർ തുടങ്ങി, സ്റ്റാലിൻ, പോൾപോൾട്ട്, മുസ്സോളിനി, അലക്സാണ്ടർ...... അങ്ങിനെ നീണ്ടുപോകുന്ന നിരയല്ലേ മനുഷ്യന്റെ പ്രതിനിധി? അതോ ഈ കൂരിരുട്ടിലും ഇത്തിരി പ്രകാശമായ് നില്ലുന്ന മേധയോ, ആംറ്റെയോ, മദർ തെരേസയോ, ഫാദർ ഡമ്പിയനോ..... ആണോ? അന്യരാഷ്ട്രീയക്കാരനെ/മതക്കാരനെ/രാജ്യക്കാരനെ കൊല്ലുകയാണ് തന്റെ ജീവിതലക്ഷ്യമെന്ന് കരുതുന്ന മനുഷ്യൻ, ഭോപ്പാലുകൾ, കൊസാവോകൾ, ഇറാക്കുകൾ, കർഗിലുകൾ സൃഷ്ടിക്കുമ്പോൾ മറ്റേത് ജീവിയാണ് കൂട്ടിനുണ്ടായിരുന്നത്?

2-ാം ലോകമഹായുദ്ധത്തിൽ അമേരിക്ക ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബിട്ടപ്പോൾ മിനിട്ടുകൾക്കുള്ളിൽ 2 ലക്ഷം മനുഷ്യർ നാമാവശേഷമായി. പിറ്റേന്ന് കാലത്ത് വൈറ്റ് ഹൗസിലെത്തിയ നൂറുകണക്കിന് പത്രപ്രവർത്തകർ, ഇതിന് കാരണക്കാരനായ അമേരിക്കൻ പ്രസിഡന്റ് ട്രൂമാനോട് ചോദിച്ചു: മിസ്റ്റർ പ്രസിഡന്റ് ഇന്നലെ രാത്രി നിങ്ങൾക്ക് ഉറങ്ങാനായോ എന്ന്. ('ലോകഭൂപടത്തിൽ ഇനി നാഗസാക്കിയോ, ഹിരോഷിമയോ അവശേഷിക്കുന്നില്ല' എന്ന സന്ദേശം ലഭിച്ചതിന് ശേഷമാണ് അയാൾ ഉറങ്ങാൻ കിടന്നത്.)

"അതേ, ഞാൻ എന്നത്തേക്കാളും സമാധാനമായുറങ്ങി. ഇപ്പോൾ ഞങ്ങളാണ് ലോകത്തിലെ ഏറ്റവും വലിയ ശക്തി" എന്നായിരുന്നു ട്രൂമാന്റെ മറുപടി. 2 ലക്ഷം സഹജീവികളെ കൊന്നിട്ട് ലോകത്തിലെ മറ്റേത് മൃഗത്തിന് ഇത്ര സുന്ദരമായുറങ്ങാൻ കഴിയും?

മനുഷ്യകേന്ദ്രീകൃത സമീപനമാണ്, മനുഷ്യന്റെ ദുരയും, അഹങ്കാരവുമാണ് ഏറ്റവും വാസയോഗ്യമായ ഈ ഭൂമിയിലെ ജീവിതം ദുരിതപൂർണ്ണമാക്കുന്നത്. സർവ്വപാരിസ്ഥിതിക താളപ്പിഴകൾക്കും കാരണം ഇത് തന്നെ. അതിനാൽ മനുഷ്യന്റെ അഹന്തയുടെ ഗ്രാഫ് താഴ്ത്തിവരയ്ക്കേണ്ടിയിരിക്കുന്നു. എന്നിട്ട് സർവ്വ ജീവജാലങ്ങളും പരസ്പരസഹകരണത്തോടെ ജീവിക്കുന്ന ആർദ്രവും, സന്തുലിതവും, ശാന്തി നിറഞ്ഞതുമായ ഒരു ലോകത്തിനായ് സ്വപ്നം കാണാം.

പവിത്രൻ വടകര